# ആമുഖം

1925 ൽ വിദ്യാതൽപ്പരരായ ചില പ്രമുഖ വ്യക്തികളുടെ ശ്രമഫലമായി കോട്ടയാമ്പുറത്ത് ഖാദർ എന്ന ആളിന്റെ മാനേജ്മെന്റിന കീഴിൽ നടേരിക്കടവിന് സമീപമുള്ള ഒരു വലിയ പീടിക മുകളിലാണ് പ്രസ്തുത സ്കൂളിന്റെ പിറവി. കോട്ടയാമ്പുറത്ത് അത്യമാൻ കുട്ടി യായിരുന്നു ആദ്യ വിദ്യാർത്ഥി. അക്കാലത്ത് പ്രസ്തുത പ്രദേശത്ത് മുസ്ലീം പെൺകുട്ടികളുടെയിടയിൽ അടിസ്ഥാന വിദ്യാഭ്യാസം വളരെ കുറവായിരുന്നു. അവർക്ക് പ്രഥമിക വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു സ്കൂളിന്റെ തുടക്കം. ആദ്യവർഷം തന്നെ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 67 ഓളം വിദ്യാർത്ഥികളെ ചേർത്തുകൊണ്ടായിരുന്നു തുടങ്ങിയത്.

അൽപ വർഷം കൊണ്ട് ഇന്ന് സ്ക്കൂൾ നിൽക്കുന്ന വടക്കയിൽ പറമ്പിൽ കെട്ടിയുണ്ടാക്കിയ സാമാന്യം വലിപ്പമുള്ള ഒരു ഓലഷെഡ്ഡിലേക്ക് സ്കൂൾ ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം തുടർന്നു. മത പഠനത്തിനുള്ള സൗകര്യം കൂടി തൊട്ടടുത്ത് തന്നെ ഉണ്ടായിരുന്നതിനാൽ രണ്ടും മൂന്നും കിലോമീറ്റർ ദൂരെ നിന്നുപോലും വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലേക്ക് വന്നിരുന്നു. ആദ്യമാനേജരുടെ മരണശേഷം മകൻ കോട്ടായാമ്പുറത്ത് കുഞ്ഞമ്മദ് എന്നിവരിലേക്ക് മാനേജ്മെന്റ് കൈമാറിയതോടെ ഷെഡ്മാറ്റി നാല് ഭാഗം ചുമരുകളുള്ള ഓല മേഞ്ഞ മേൽക്കൂരയുള്ള കെട്ടിടം പണിതു.

1939 മുതൽ 1981 വരെ ഇവിടെ അഞ്ചാം ക്ലാസും ഉണ്ടായിരുന്നു. 1995 ൽ കുഞ്ഞമ്മദ് മാസ്റ്റർ മാനേജ്മെന്റ് മകൻ കെ.പി. അബ്ദുള്ളയ്ക്ക് കൈമാറിയതിന് ശേഷം വളരെ സൗകര്യത്തോടു കൂടിയുള്ള ഓടുമേഞ്ഞ കെട്ടിടമുണ്ടാക്കി.

ഈ സ്കൂളിൽ ഒന്നുമുതൽ നാല് വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. അറബിയടക്കം 5 അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഈ സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറിയും നടത്തുന്നു. ഒരു അധ്യാപികയും ഒരു ആയയും ഉണ്ട്

മികച്ച ബഹുനില കെട്ടിടം 2010 ൽ മാനേജർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് സൗകര്യമുള്ളതാക്കുന്നതിന് മുന്നോടിയായി എല്ലാ ക്ലാസുകളും ടൈൽ പതിച്ചതുമാണ്. ഒന്നാം ക്ലാസ്, സ്മാർട്ട് ക്ലാസ് റൂമായി ഒരുക്കിയിട്ടുണ്ട്. സ്കൂളിന് വിശാലമായ കളി സ്ഥലം ഒരുക്കേണ്ടതുണ്ട്. അക്കാദമിക് നേട്ടം കൈവരിക്കുന്നതിന് വേണ്ടി എല്ലാ ക്ലാസും സ്മാർട്ട് ക്ലാസ് റൂമാക്കിമാറ്റേണ്ടതുണ്ട്.

# പ്രതീക്ഷിത അക്കാദമിക നേട്ടങ്ങൾ

- ഒന്നുമതൽ നാല് വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്ക്കാരം വികസിക്കാനാവശ്യമായ മൂല്യബോധം കുട്ടികളിൽ
- എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്നതലത്തിലേക്ക് എത്തിക്കാനും, പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക. എല്ലാകുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും, പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മികച്ച ശാരീരിക-മാനസിക-വൈകാരിക ആരോഗ്യം ഉറപ്പാക്കുക
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, അറബി, ഭാഷയ്ക്കും ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കു
- ആരോഗ്യകരമായ സ്ത്രീ-പുരുഷബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സംഘപഠനങ്ങൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗ തമായി വിലയിരുത്തുന്ന രീതി അവലംബിക്കുക
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി മാറ്റുക.
- പഠനരെ ത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തു കയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യമ്പസും മ്പസും ജൈവവൈവിധ്യഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, വിർശന അവബോധം, എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുപ്പടെ ആധുനിക ശാസ്ത്രസാങ്കേതി വിദ്യാസാധ്യതകൾ പഠനപ്രവർത്ത നത്തിനായി വിനിയോഗിക്കുക
- സമയബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുക.

മേഖല: അക്കാദമികം

ഉപമേഖല ഭാഷാപഠനം

പ്രവർത്തനം: ഭാഷോത്സവം

ലക്ഷ്യങ്ങൾ

* കുട്ടികളുടെ മാതൃഭാഷനിലവാരം ഉയർത്തൽ

* സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവരസരമൊരുക്കി രചനകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കൽ

* കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണം നിർമ്മാണവും

* പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ

**നടത്തുന്ന പ്രവർത്തനങ്ങൾ**

**1.മികച്ച രചനകൾ ഒരുക്കൽ -12 മാസം**

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറികളിൽ നടക്കേണ്ട രചനാപ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തിൽ ഇതിനയി ഒരു യൂണിറ്റിലെ സർഗ്ഗാത്മക രചനാസാധ്യതകൾ അതാത് ക്ലാസിലെ അധ്യാപകർ ലിസ്റ്റ് ചെയ്യൽ. ക്ലാസ്മുറിയിൽ പ്രയോഗിക്കൽ. രചനകൾ ചേർത്ത് പതിപ്പാക്കൽ പതിപ്പുകൾ അധ്യാപകർ കൈമാറി വായിക്കൽ എസ്.എസ്.ജി. പി.ടി.എ. അംഗങ്ങൾക്കും വായിക്കുന്നതിനവസരം. രചനാപരമായ മികവുകൾ പോരായ്മകൾ, എസ്.ആർ.ജി. ചർച്ച. പരിഹാരത്തിനും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഒരുക്കുന്നതിനും ക്ലാസ് റൂം പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റം ചർച്ച ചെയ്ത്

തീരുമാനിക്കൽ. തുടർ പ്രവർത്തനപരിപാടി നിശ്ചയിക്കൽ

**ചുമതല**

വിദ്യാരംഗ് കലാസാഹിത്യവേദി സ്കൂൾ തല കോർഡിനേറ്റർ പ്രവർത്തനങ്ങൾ കോ-ഓഡിനേറ്റ്ചെയ്യും. എസ്.ആർ.ജി/എസ്.എസ്.ജി./പി.ടി.എ.സസഹായത്തോടെ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതി

സാമ്പത്തികം

ക്ലാസ്തല പതിപ്പുകക്കുള്ള ചെലവ്

**2. സർഗ്ഗവേളകൾ/ബാലസഭകൾ ശക്തിപ്പെടുത്തൽ -തുടർപ്രവർത്തനം**

**ലക്ഷ്യങ്ങൾ**

ക്ലാസ്മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കാര പ്രകടിത രൂപങ്ങളുടെ അവതരണവേദിയായി ബാലസഭ/സർഗ്ഗമേളകളെ മാറ്റൽ

പ്രവർത്തനങ്ങൾ

രചനകളുടെ അവതരണം മികവുകൾ പോരായ്മകൾ വിലയിരുത്തി ചർച്ച

ചർച്ചകളുടെ അടിസ്ഥാനത്തിൽ മാറ്റം ആവശ്യമെങ്കിൽ വരുത്തുവാൻ രചയിതാവിന് അവസരം

സർഗ്ഗവേള/ബലാസഭ അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ

സർഗ്ഗവേള /ബാലസഭ നടത്തിപ്പു ചുമതല പൂർണ്ണായും കുട്ടികൾക്ക് നൽകൽ

**ചുമതല**

**വിദ്യാരംഗം കോർഡിനേറ്റർ**

രക്ഷാകർത്താക്കളുടെ പ്രതിനിധികൾ

**3. വായനസാമഗ്രികളുടെ ഉറപ്പാക്കൽ ജൂൺ ആദ്യവാരം**

ഒന്നുമുതൽ 4 വരെ ക്ലാസുകളിൽ ഭാഷാപഠനത്തിന്റെ ഭാഗമായി വായിക്കേണ്ട സാമഗ്രികൾ സംബന്ധിച്ച പുസതകങ്ങൾ/വായനാ സാമഗ്രികളുടെ ലിസ്റ്റ് ഉപയോഗപ്പെടുത്തി അവ ശേഖരിക്കൽ.

ക്ലാസ് ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ

വായനക്കാർഡുകൾ തെയ്യാറാക്കൽ-കുട്ടികൾ/രക്ഷിതാക്കൾ/അധ്യാപകർ

വായനമൂല മെച്ചപ്പടുത്തൽ -പഠനത്തിന്റെ ഭാഗമായി തൽസമയം ഉപയോഗിക്കൽ

വായനക്കുള്ള സാമഗ്രികൾ അമ്മമാരുടെ ശിൽപ്പശാലയിൽ തയ്യാറാക്കിആകർഷകമായി അവ എഴുതി തെയ്യാറാക്കൽ

ബാലസാഹിത്യമാസികകൾ തളിർ, യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ്റ് എന്നിവ വായനമൂലയിൽ സ്പോൺസർ ഷിപ്പിലൂടെ എത്തിക്കൽ

**ചുമതല**

ക്ലാസ് അധ്യാപകർ

എച്ച്.എം./പി.ടി.എ.

**4. സർഗ്ഗചുമർ- മെയ്-ജൂൺമാസം**

സ്കൂളിന്റെ ഓഫീസിനു മുൻവശത്തായി ചുവരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരസംവിധാനം കുട്ടികൾക്ക് അവ രൂപപ്പെടുത്തുന്ന സർഗ്ഗാത്മക സൃഷ്ടികൾ. കഥ, കവിത, ചിത്രം, എന്നിവയെല്ലാം പ്രദർശിപ്പിക്കാം. പ്രദർശിപ്പിച്ച രചനകൾ സംബന്ധിച്ച അഭിപ്രായങ്ങൾ എഴുതുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരം നല്ല അഭിപ്രായങ്ങളും പ്രദർശിപ്പിക്കാം.

ചുമതല

എസ്.ആർ.ജി./പി.ടി.എ.

**സാമ്പത്തികം**

ചുവർപ്ലേ തയ്യാറാക്കുന്നതിനുള്ള ചെലവ്

സ്കൂൾ ബ്ലോഗ്-ജൂൺ

കുട

കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂളിന്റെ ബ്ലോഗിനെ ഉപയോഗപ്പെടുത്തൽ. മികച്ച രചനകൾ, കുട്ടികൾ വരച്ച രചനകൾ കുട്ടികൾ വരച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ

ചുമതല; സ്കൂൾ ഐ.ടി.ചുമതലക്കാരൻ

സാമ്പത്തികം -ഇല്ല

സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ- തുടർപ്രവർത്തനം

പ്രാദേശികമായി ലഭ്യമാക്കുന്ന എഴുത്തുകരെ സ്കൂളിലേക്ക് ക്ഷണിക്കൽ അവരുടെ വായനാനുഭവങ്ങളും െഴുത്തുകാരുടെ കുട്ടികളുമായി പങ്കുവെയ്ക്കൽ. കുട്ടികൾക്ക് അവരുമായി സംസാരിക്കുന്നതിന് അവസരം ചുമതല

എച്ച്.എം./എസ്.ആർ.ജി.കൺവീനർ

**6. കഥയരങ്ങ്/കവിയരങ്ങ് തുടർപ്രവർത്തനം**

സ്കൂളിലെ കഥയെഴുത്തുകാർക്കും കവികൾക്കും സ്കൂളിൽ നടക്കുന്ന പൊതുചടങ്ങുകളിൽ (പി.ടി.എ) നിശ്ചിത സമയംനൽകി അവരുടെ രചനകൾ അവതരിപ്പിക്കൽ

ചുമതല

## മേഖല : അക്കാദമികം

ഉപമേഖല:ശാസ്ത്രപഠനം

ലക്ഷ്യം ഒന്നുമുതൽ നാല് വരെയുള്ള ക്ലാസുകളിലെ പരിസരപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ

1.ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലെ പരിസരപഠനപ്രവർത്തനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ-ജൂൺ ആദ്യവാരം

2.തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ നിർമ്മിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ എന്ന് തരംതിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ-ജൂൺ രണ്ടാം വാരം

3. സാമഗ്രികൾ വാങ്ങൽ-ജൂൺ അവസാനവാരം

4. പിടി.എ,യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം -ജൂൺ അവസാനവാരം

5. പരീക്ഷണസാമഗ്രികളുടെ നിർമ്മാണശില്പശാല-സ്കൂൾ പഠനോപകരണ നിർമ്മാണശില്പശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ എസ്.എസ്.ജി./അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ -ജൂലായ് ആദ്യവാരം.

6. ശാസ്ത്രമൂലയ്ക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര-മെയ്മാസം

7. സ്കൂൾ ലാബ് സജ്ജമാക്കൽ-ക്ലാസ്മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ പാഠം, ഏത് ക്ലാസിനും ഉപയോഗിക്കാൻ കഴിയുന്നത് എന്നിവ് ലിസ്റ്റ് ചെയ്യൽ -ജൂൺ ആദ്യവാരം

8. പരീക്ഷണശില്പശാല-പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുപ്പിക്കാൻ അവസരം. ഒന്നുമുതൽ നാലുവരെ ക്ലാസിൽ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ- ജൂലായ് ആദ്യവാരം

9.ശാസ്ത്രസാഹിത്യപുസ്തകങ്ങൾ ക്ലാസ് നിലവാരത്തിലുള്ളത് വാങ്ങൽ രക്ഷിതാക്കളെ വായിപ്പിക്കൽ -തുടർപ്രവർത്തനം.

## മേഖല : അക്കാദമികം

ഉപമേഖല: ഗണിതം

ലക്ഷ്യം: ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിലെ ഗണിതപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും ഗണിതപഠനം ലളിതവും സൗഹൃദവും ആക്കുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ഗണിതമൂല ഉറപ്പാക്കൽ

എല്ലാകുട്ടികൾക്കും ഗണിതം ലളിതമാക്കാനുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ:

1.ഒന്നുമുതൽ നാലുവരെയ പഠനത്തിന് സഹായകമായ ഗണിതമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ

ജൂൺ ആദ്യവാരം

2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേണ്ടവ

എന്ന് തരംതിരിക്കൽ. ഗണിതമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ സാധനസാമഗ്രികൾ ഉൾപ്പെടുത്തി ലിസ്റ്റ് പ്രിന്റ് ചെയ്യുന്നു

ജൂൺ രണ്ടാംവാരം

3.സാമഗ്രികൾ വാങ്ങൾ ജൂൺ അവസാനവാരം

4.പി.ടി.എ.യോഗത്തിൽ ഗണിതമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം ജൂൺ അവസാനവാരം

5.ഗണിതസാമഗ്രികളുടെ നിർമ്മാണശില്പശാല സ്കൂൾ പഠനോപകരണം നിർമ്മാണശിലപ്ശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ /എസ്.എസ്.ജി./അധ്യാപകൻ എന്നിവരെ പങ്കെടുപ്പിക്കൽ ജൂലായ് ആദ്യവാരം

6. ഗണിതമൂലയ്ക്ക് ക്രമീകരിക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ (അലമാര)മെയ്

7. ഗണിതശില്പശാല പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കൽ-ജൂലായ്

8. ഗണിതപുസ്തകങ്ങൾ ക്ലാസ് നിലവാരത്തിലുള്ളത് ലൈബ്രറിയിൽ സജ്ജമാക്കൽ -മെയ്

9. പഠനനില കണ്ടെത്തൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. ജൂൺ ആദ്യാവാരം

10. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപാക്കേജ് തെയ്യാറാക്കൽ/ശേഖരിക്കൽ -ജൂൺ-ആദ്യവാരം

11.ഗണിതക്യാമ്പ് പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും -ജൂലായ് മാദ്ധ്യം

മേഖല : അക്കാദമികം

ഉപമേഖല:ഇംഗ്ലീഷ് ഭാഷ പരിപെഷണം

ലക്ഷ്യം : എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുളഅള ശേഷി വികസിപ്പിക്കൽ.

പ്രവർത്തനങ്ങൾ

1. പഠനനില കണ്ടെത്തൽ-ജൂൺ ആദ്യവാരെ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു
2. പരിമിതികൾ പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ-ജൂൺ രണ്ടാംവാരം
3. ഇംഗ്ലീഷിലുള്ള അസംബ്ലി-ആഴ്ചയിൽ രണ്ട് -അസംബ്ലിയിൽ എന്തൊക്കെ
4. ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് -ആഴ്ചയിൽ മൂന്ന് ദിവസം
5. ഒരു ദിവസം ഒരു ഭാഷാപരിപാടി (എല്ലാക്ലാസിലും) പ്രതിദിനം ഭാഷാപരിപാടി എന്തൊക്കെ
6. ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി, വായനാസാമഗ്രികൾ, ലഘുവായനപുസ്തകം, പത്രം- ജൂലായ് മാസം മുതൽ
7. ഇംഗ്ലീഷ് തിയേറ്റർ -ജൂലായ് മാസം മുതൽ
8. പതിപ്പുകൾ മാഗസിനുകൾ-ജൂലായ് -ജനുവരി
9. രചനാശിൽപ്പശാലകൾ-ആഗസ്ത് -ഡിസംബർ
10 ഇംഗ്ലീഷ് ആശയവിനിമയക്ലാസ് - ആഴ്ചയിൽ
11. അതിഥിക്ലാസ് -മാസത്തിൽ ഒരിക്കൽ
12. ഇംഗ്ലീഷ് ഫെസ്റ്റ്-ഫിബ്രുവരി ്വസാനവാരം
13. ബാല

## മേഖല: അക്കാദമികം

### ഉപമേഖല:അറബിഭാഷ പഠനം

**ലക്ഷ്യങ്ങൾ :**

അറബിഭാഷ പഠിക്കുവാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക
കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാപഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പുവരുത്തുക
വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക
ഭാഷപഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടകളിൽ വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

**1.മികവിന്റെ വഴിയിൽ (2മാസം)**

എല്ലാ ക്ലാസുമുറികളിലും ഭാഷശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക
മുന്നറിവ് പരിശോധിക്കുക
അക്ഷരങ്ങൾ ഉറപ്പിക്കൽ
വാചകങ്ങൾ നിർമ്മിക്കൽ
ഭാഷകളിൽ

**2. വായനവസന്തം**

വായനമത്സരം
ക്ലാസ് ലൈബ്രറി
സ്കൂൾ ലൈബ്രറി
രക്ഷിതാക്കൾക്ക് വാട്സ് അപ്പ് ഗ്രൂപ്പ് (വായന)
അറബിക് പത്രവായന /റേഡിയോ

**3.എഴുത്തുകൂട്ടം**

പതിപ്പുകളുടെ നിർമ്മാണം
വായനക്കുറിപ്പ് ശേഖരണം
ഇൻലാന്റ് മാഗസിൻ
ചുമർ പത്രങ്ങൾ/പോസ്റ്ററുകൾ

**4. അറബിക് (24 മാസം)**

അറബിക് കമ്മ്യൂണിക്കേഷൻ
മൊബൈൽ ലിസണിംഗ്/സ്പീക്കിംഗ്
യാത്രകൾ
അറബിക് മേള
അറബികഅസംബ്ലി
ഭാഷാ പ്രദർശനം
ഭാഷാക്യാമ്പ്

**5. ലാഗേജ് ലാബ് (36മാസം)**

സ്മാർട്ട് ക്ലാസ്റൂം
അറബിഭാഷാസാഹിത്യശേഖരണങ്ങൾ
ചിത്രീകരണങ്ങൾ
സിനിമ,അനിമേഷൻ, സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്